**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 147** **20-06-2024 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഏകീകൃത ബ്രാൻഡിൽ കാർഷികോല്പന്നങ്ങൾ നേരിട്ടും ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയും പൊതുജനങ്ങളിൽ എത്തിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | ഉണ്ട്. കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾക്കും കർഷകർ/കർഷക ഉത്പാദക സംഘടനകൾ ഉത്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കും ഗുണമേന്മ ഉറപ്പുവരുത്തി ഒരു ഏകീകൃത ബ്രാൻഡ് നൽകുന്നതിനും ആയത് പൊതുവിപണി വഴിയും ഓൺലൈൻ പ്ലാറ്റ് ഫോമുകളിലൂടെയും പൊതുജനങ്ങളിൽ എത്തിക്കുന്നതിനും ലക്ഷ്യമിട്ട് 2022-23 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് **'Keralagro'** എന്ന പേരിൽ ഒരു ട്രേഡ്മാർക് തയ്യാറാക്കി ഉത്പന്നങ്ങൾക്ക് **'കേരളാഗ്രോ'** ബ്രാൻഡ് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളുടെയും, പൊതുമേഖല സ്ഥാപനങ്ങളുടെയും, പ്രാദേശിക അടിസ്ഥാനത്തിൽ കർഷകർ/കൃഷിക്കൂട്ടങ്ങൾ/ കർഷകക്കൂട്ടായ്മകൾ ഉത്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഉത്പന്നങ്ങളുടേയും രാജ്യവ്യാപകമായി വിപണി കണ്ടെത്തി, കൂടുതൽ ഉപഭോക്താക്കളിലേക്ക് കേരളത്തിലെ ഉത്പ്പന്നങ്ങൾ എത്തിക്കുന്നതിനും, അത് വഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| (ബി) | ഏതൊരു കർഷകനും തന്റെ ഉല്പന്നങ്ങൾ ഏകീകൃത ബ്രാൻഡിൽ വിൽപന നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ കർഷകർ, കർഷകസംരംഭകർ, കൃഷിക്കൂട്ടങ്ങൾ, FPOകൾ, FPCകൾ, മറ്റ് കർഷകക്കൂട്ടായ്മകൾ എന്നിവരുടെ ഉത്പ്പന്നങ്ങൾ/ മൂല്യവർധിത ഉത്പ്പന്നങ്ങൾ, കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഉത്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പാക്കി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി 'Keralagro' ബ്രാൻഡ് അനുവദിച്ച് നൽകുന്നു. കർഷകരുടെ ഉത്പന്നങ്ങൾ ഓൺലൈൻ മുഖാന്തിരവും, 'Keralagro' ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ സൂപ്പർ മാർക്കറ്റുകൾ, ഇക്കോ ഷോപ്പുകൾ എന്നിവ വഴിയും പൊതുവിപണി വഴിയും വിപണനം നടത്തുന്നതിന് 'Keralagro' ബ്രാൻഡിംഗ് സംവിധാനം വഴി സാധിക്കും. |
| (സി) | കാർഷിക സർവകലാശാല, കേരഫെഡ് തുടങ്ങിയ | (സി) | കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെയും സർക്കാർ നിയന്ത്രണമുള്ള പൊതുമേഖല സ്ഥാപനങ്ങളിലെയും കാർഷിക/ഭക്ഷ്യഉത്പന്നങ്ങൾക്ക് അപേക്ഷ |

| | | | |
|---|---|---|---|
| | സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ ഏകീകൃത ബ്രാൻഡിൽ ലഭ്യമാക്കുന്നതിന് സംവിധാനമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | | സമർപ്പിക്കുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾക്ക് അനുസൃതമായി 'Keralagro' ബ്രാൻഡ് അനുവദിച്ച് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ